പുതുയുഗ കേരളത്തിനായി നൂറുദിന കർമ്മപദ്ധതി

# സ്കൂൾവിക്കിത്തോൺ

SchoolwikithoN 2026

HDP-2026-0169 • പുരോഗതിയിൽ

# സ്കൂൾ വിക്കിത്തോൺ - സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ സമഗ്രവിവരങ്ങൾ പൊതു സഞ്ചയത്തിൽ പ്രദർശിപ്പിക്കാനുള്ള സ്കൂൾവിക്കി ( SchoolWiki.in ) അപ്‌ഡേഷൻ യജ്ഞം.

വകുപ്പ്: പൊതു വിദ്യാഭ്യാസ വകുപ്പ്

പൊതുവിദ്യാലയങ്ങളിലെ വിദ്യാലയ ചരിത്രം, സൗകര്യങ്ങൾ, പ്രവർത്തനങ്ങൾ, നേട്ടങ്ങൾ തുടങ്ങിയ വിവരങ്ങൾ പൊതുസമൂഹത്തിന് ലഭ്യമാകുന്ന രീതിയിൽ സ്കൂളുകളുടെ സ്കൂൾ വിക്കി പേജുകൾ പുതുക്കും.

# സ്കൂൾവിക്കി

കേരളത്തിലെ

മുഴവൻ പൊതുവിദ്യാലയങ്ങളേയും കോർത്തിണക്കി

പൊതുജനപങ്കാളിത്തത്തോടെ സജ്ജമാക്കിയ

ഔദ്യോഗിക ഡിജിറ്റൽ വിജ്ഞാനശേഖരം

(https://schoolwiki.in).

# സ്കൂൾവിക്കി

വിദ്യാലയങ്ങളുടെ ചരിത്രം,
അടിസ്ഥാനസൗകര്യങ്ങൾ,
വിദ്യാലയ പ്രവർത്തനങ്ങൾ, നേട്ടങ്ങൾ,
വിദ്യാലയങ്ങളുടെ സമഗ്ര വിവരങ്ങൾ
എന്നിവ
പൊതുസമൂഹത്തിന് ലഭ്യമാക്കുന്നു

# സ്കൂൾവിക്കിയിൽ

## വിദ്യാലയങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യമായും കാലികമായും രേഖപ്പെടുത്താം

# സ്കൂൾവിക്കി

പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഗവേഷകർക്കും വിശ്വസനീയമായ വിവരങ്ങൾ ലഭ്യമാക്കുന്നു

സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം

കൂടുതൽ ശക്തമാക്കുന്നതിൽ

സ്കൂൾവിക്കി

പ്രയോജനപ്പെടുത്താം

01.03.2022 ലെ സ. ഉ (സാധാ) 1198/2022/പൊ.വി.വ

സർക്കാർ ഉത്തരവ് പ്രകാരം

# സംസ്ഥാനത്തെ എല്ലാ സർക്കാർ/എയിഡഡ്/അംഗീകൃത അൺ എയിഡഡ് സ്കൂളുകൾ സ്കൂൾവിക്കി സജ്ജമാക്കണം

## സ്കൂൾവിക്കിയിൽ

വസ്തുതാപരമായ തെറ്റുകൾ ഇല്ലെന്നും

ഉള്ളടക്കങ്ങൾ മേന്മ പുലർത്തുന്നവയാണെന്നും

ഉറപ്പ് വരുത്തണം

സ്കൂൾവിക്കി

പേജുകൾ സമയബന്ധിതമായി

അപ്ഡേറ്റ് ചെയ്യണം

# സ്കൂൾവിക്കിത്തോൺ

## കേരള സർക്കാരിന്റെ

## നൂറുദിന കർമ്മപദ്ധതിയുടെ ഭാഗം

# സ്കൂൾവിക്കിത്തോൺ

സംസ്ഥാന പൊതുവിദ്യാഭ്യാസവകുപ്പിനുകീഴിലുള്ള
മുഴുവൻ വിദ്യാലയങ്ങളുടെയും സ്കൂൾവിക്കി
സമഗ്രമായി പുതുക്കി, നിലവാരമുള്ള വിവരങ്ങളാൽ
സമ്പുഷ്ടമാക്കുന്നതിനുള്ള പദ്ധതി

# സ്കൂൾവിക്കിത്തോൺ

സംസ്ഥാനവ്യാപകമായി

സ്കൂൾവിക്കി അപ്ഡേഷൻ യജ്ഞം

നടപ്പിലാക്കുന്നു

# സ്കൂൾവിക്കിത്തോൺ

സംസ്ഥാനത്തെ 12,500+ സ്കൂൾവിക്കി പേജുകൾ
സമഗ്രമായി പുതുക്കി, പൊതുവിദ്യാഭ്യാസ മേഖലയിലെ
വിവരസുതാര്യതയും ഡിജിറ്റൽ സാന്നിധ്യവും
ശക്തിപ്പെടുത്തുന്നു

# സ്കൂൾവിക്കിത്തോൺ

## പ്രധാന  ലക്ഷ്യങ്ങൾ

വിദ്യാലയത്തിന്റെ

പ്രാദേശിക ചരിത്രം,  രൂപീകൃതമായ പശ്ചാത്തലം, വിദ്യാലയ പ്രവർത്തനങ്ങൾ, പ്രശസ്തരായ പൂർവ്വവിദ്യാർത്ഥികൾ തുടങ്ങിയ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ വരുംതലമുറയ്ക്കായി തുടർച്ചയായും കാലികമായും രേഖപ്പെടുത്തി സൂക്ഷിക്കുന്ന സംസ്കാരം വളർത്തിയെടുക്കുക.

# പ്രധാന ലക്ഷ്യങ്ങൾ

അധ്യാപകരേയും വിദ്യാർത്ഥികളേയും, പൊതുജനപങ്കാളിത്തത്തോടെ വിവരശേഖരണം നടത്തി പ്രാദേശികമായ വിവരങ്ങളും സ്കൂൾ മാഗസിനുകളും വിക്കിപീഡിയ മാതൃകയിൽ തയ്യാറാക്കി പൊതുയിടത്തിൽ പ്രസിദ്ധീകരിക്കാൻ പ്രാപ്തരാക്കുക.

## പ്രധാന ലക്ഷ്യങ്ങൾ

വിദ്യാലയത്തിന്റെ അടിസ്ഥാനവിവരങ്ങൾ

സമയബന്ധിതമായി

കൃത്യതപ്പെടുത്തുക.

# നടത്തിപ്പ് മാർഗ്ഗരേഖ

## ഘട്ടം 1: സർവ്വേ

(2026 ജൂലൈ 30)

**സ്കൂൾവിക്കി പേജുകളുടെ നിലവിലുള്ള അവസ്ഥയും പോരായ്മകളും മാസ്റ്റർട്രെയിനർമാർ പരിശോധിക്കുന്നു.**

# ഘട്ടം 2.1: എഡിറ്റോറിയൽ ടീം

( 2026 ജൂലൈ 30 ന് മുൻപ്)

## മുഴവൻ വിദ്യാലയങ്ങളിലും

## സ്കൂൾവിക്കി നോഡൽ ഓഫീസറെ തെരഞ്ഞെടുത്ത്

## എഡിറ്റോറിയൽ ടീം സജ്ജമാക്കൽ

(ചുമതല: സ്കൂളധികൃതർ)

# എഡിറ്റോറിയൽ ടീം

**രക്ഷാധികാരികൾ**

- 1. (പ്രിൻസിപ്പാൾ) 2 (ഹെഡ്മാസ്റ്റർ)

**സ്കൂൾവിക്കി നോഡൽ ഓഫീസർ**

- സ്കൂൾ ഐടി കോർഡിനേറ്റർ (SITC/PSITC/HITC/LKM)

**അംഗങ്ങൾ**

- SITC/PSITC/HITC
- പ്രധാന ക്ലബ്ബുകളുടെ ചുമതല വഹിക്കുന്നവർ
- ഐടി ക്ലബ്ബ് / ലിറ്റിൽ കൈറ്റ്സ് (LP-2, HS-2, HSS/VHSS-2) വിദ്യാർത്ഥി പ്രതിനിധികൾ
- സ്കൂൾലീഡർ
- പൂർവ്വവിദ്യാർത്ഥികൾ




ക്ലബ്ബുകൾ എന്ന വിഭാഗത്തിലെ
സ്കൂൾവിക്കി എഡിറ്റോറിയൽ
എന്ന ലിങ്കിലുള്ള പേജിൽ
എഡിറ്റോറിയൽ അംഗങ്ങളുടെ
വിവരങ്ങൾ ചേർക്കുക

# ഘട്ടം 2 . 2: പരിശീലനം

(2026 ആഗസ്റ്റ് 20 ന് മുൻപ്)

## മുഴവൻ വിദ്യാലയങ്ങളിലേയും

## സ്കൂൾവിക്കി നോഡൽ ഓഫീസർമാർക്ക്

## ഒരു ദിവസത്തെ പരിശീലനം

(ചുമതല: കൈറ്റ് മാസ്റ്റർ ട്രെയിനർ)

# ഘട്ടം 2. 3 : പരിശീലനം

(2026 ആഗസ്റ്റ് 20 ന് മുൻപ്)

**സ്കൂളിലെ മറ്റ് അധ്യാപകർ ,**
**8, 9 ക്ലാസ്സുകളിലെ ലിറ്റിൽ കൈറ്റ്സ്**
**യൂണിറ്റുകളിൽ നിന്നും 2 വീതം അംഗങ്ങൾ,**
**സ്കൂൾവിക്കി എഡിറ്റോറിയൽ അംഗങ്ങൾ**
**എന്നിവർക്ക് പരിശീലനം.**

(ചുമതല: സ്കൂൾവിക്കി നോഡൽ ഓഫീസർ )

## പരിശീലന മേഖലകൾ

അംഗത്വമെടുക്കൽ

തിരുത്തൽ (Visual Editing)

ഉള്ളടക്കം ചേർക്കലും ഫോർമാറ്റിങ്ങും

ചിത്രം ചേർക്കൽ

വിവിധ ക്ലബ് പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യൽ

വഴികാട്ടി കൃത്യമാക്കൽ

# പരിശീലന ലക്ഷ്യങ്ങൾ

അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന്
പ്രാദേശികമായ വിവരങ്ങളും സ്കൂൾ മാഗസിനുകളും
വിക്കിപീഡിയ മാതൃകയിൽ സ്വയം തയ്യാറാക്കി
പ്രസിദ്ധീകരിക്കാൻ പ്രാപ്തരാക്കുക

## പരിശീലന ലക്ഷ്യങ്ങൾ

സ്കൂളിന്റെ ചരിത്രവും അടിസ്ഥാനവിവരങ്ങളും, പ്രവർത്തനങ്ങൾ, വിദ്യാലയമികവുകൾ, പ്രാദേശിക അറിവുകൾ,  തുടങ്ങിയവയുടെ ഡോക്യുമെന്റ് / ചിത്രങ്ങൾ എന്നിവ തയാറാക്കി കൃത്യതയോടെ ഉൾപ്പെടുത്തുക.

## പരിശീലന ലക്ഷ്യങ്ങൾ

സ്കൂളിലെ മുഴുവൻ അധ്യാപകരേയും കുട്ടികളേയും സ്കൂൾവിക്കി തിരുത്തൽ യജ്ഞത്തിൽ പങ്കാളികളാക്കി തുടർപ്രവർത്തനങ്ങൾ സജീവമാക്കുക.

# ഘട്ടം 3.1 : സ്കൂൾവിക്കി അപ്ഡേഷൻ

മുഴവൻ വിദ്യാലയങ്ങളിലും

സ്കൂൾവിക്കി  എഡിറ്റോറിയൽ

ടീമിന്റെ  നേതൃത്വത്തിൽ

അപ്ഡേഷൻ പൂർത്തിയാക്കൽ

# ഘട്ടം 3.2 : പ്രൂഫ് റീഡിങ്

വിവരങ്ങളുടെ കൃത്യത
അക്ഷരത്തെറ്റില്ലായ്മ
വ്യാകരണശുദ്ധി
ഗുണമേന്മയുള്ള ചിത്രങ്ങൾ
പകർപ്പവകാശ ലംഘനമില്ലായ്മ
തുടങ്ങിയവ ഉറപ്പാക്കുക

# ഘട്ടം 3.3 : സാക്ഷ്യപ്പെടുത്തൽ

പേജുകൾ സജ്ജമാക്കിയശേഷം,

നിശ്ചിതമായ ഫലകം ചേർത്ത്, അപ്ഡേഷൻ


പൂർത്തിയായി എന്ന് വിദ്യാലയ അധികൃതർ


സാക്ഷ്യപ്പെടുത്തുക

ചുമതലയുള്ള മാസ്റ്റർട്രെയിനർമാരെ

സമയബന്ധിതമായി അറിയിക്കുക

ഇൻഫോബോക്സിന് താഴെ
സാക്ഷ്യപത്രം നൽകുന്നതിനുള്ള സൗകര്യമുണ്ട്





WARNING

അപ്ഡേഷൻ പൂർത്തിയാക്കിയശേഷം മാത്രം ഇതിനുതാഴെയുള്ള നീല ബോക്സിലെ സാക്ഷ്യപ്പെടുത്തലിൽ ക്ലിക് ചെയ്യുക. ട്രയൽ ചെയ്യരുത്. വീണ്ടും സബ്മിറ്റ് ചെയ്യാൻ സാധിക്കില്ല.

നിർദ്ദേശപ്രകാരം സ്കൂൾവിക്കിപേജുകൾ അപ്ഡേറ്റ് ചെയ്തു. സമ്പൂർണ്ണയിലെ വിവരങ്ങൾ പ്രകാരം ഇൻഫോബോക്സ് പുതുക്കി. വിദ്യാലയപേജിലെ ചരിത്രം, ഭൗതികസൗകര്യങ്ങൾ, പ്രവർത്തനങ്ങൾ, പ്രശസ്തരായ പൂർവ്വവിദ്യാർത്ഥികൾ, വഴികാട്ടി എന്നീ വിഭാഗങ്ങളിലെ വിവരങ്ങളും ലിറ്റിൽകൈറ്റ്സ് (HSന് മാത്രം ബാധകം) ക്ലബ്ബ് പ്രവർത്തനങ്ങളും രേഖപ്പെടുത്തി, പിഴവുകൾ ഇല്ലായെന്ന് എഡിറ്റോറിയൽ ടീം ഉറപ്പുവരുത്തി. സ്കൂൾവിക്കി അപ്ഡേഷൻ സമയബന്ധിതമായി നടത്തുന്നതിന് എഡിറ്റോറിയൽ ടീം സന്നദ്ധരായിരിക്കും. സാക്ഷ്യപത്രം സമർപ്പിക്കുന്നു --- Schoolwiki Nodal Officer may CLICK HERE to Submit this statement

വിവരങ്ങൾ ഉടൻതന്നെ പുതുക്കിയശേഷം കൈറ്റ് മാസ്റ്റർ ട്രെയിനറെ വിവരമറിയിക്കുന്നതാണ്. തിരികെ പോകുന്നു

നീല ബോക്സിൽ ക്ലിക് ചെയ്താൽ മറ്റ് അറിയിപ്പില്ലാതെ സ്കൂൾവിക്കിത്തോൺ പേജിൽ Schoolwiki Nodel Officer നൽകുന്ന സാക്ഷ്യപത്രം ചേർക്കപ്പെടുന്നു

## സ്കൂൾവിക്കി നോഡൽ ഓഫീസറുടെ സാക്ഷ്യപത്രം

2026 ൽ കേരളസർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയിൽപ്പെടുത്തിയ സ്കൂൾവിക്കിത്തോണിൽ ഞങ്ങൾ സജീവമായി പങ്കെടുത്തിരിക്കുന്നു. ഈ വിദ്യാലയത്തിന്റെ സമ്പൂർണ്ണയിൽ ലഭ്യമായ വിവരങ്ങൾ കൂടി പരിശോധിച്ച് **ഇൻഫോബോക്സ്** അപ്ഡേഷൻ നടത്തിരിക്കുന്നു. വിദ്യാലയപേജിലെ ചരിത്രം, ഭൗതികസൗകര്യങ്ങൾ, പ്രവർത്തനങ്ങൾ, പ്രശസ്തരായ പൂർവ്വവിദ്യാർത്ഥികൾ, വഴികാട്ടി എന്നീ വിഭാഗങ്ങളിലെ വിവരങ്ങൾ തുടങ്ങിയവയും ലിറ്റിൽകൈറ്റ്സ് (HSന് മാത്രം ബാധകം) ഉൾപ്പെടെയുള്ള ക്ലബ്ബ് പ്രവർത്തനങ്ങളും പുതുക്കിമെച്ചപ്പെടുത്തിയിരിക്കുന്നു. തുടർന്നും സ്കൂൾവിക്കി അപ്ഡേഷൻ സമയബന്ധിതമായി നടത്തുന്നതിന് എഡിറ്റോറിയൽ ടീം സന്നദ്ധരായിരിക്കും എന്നറിയിക്കുന്നു.

അപ്ഡേറ്റ് ചെയ്തത്: ~~Schoolwikihelpdesk~~ (~~23 ജൂലൈ 2026~~)

**സ്കൂൾവിക്കിത്തോൺ പേജിൽ സാക്ഷ്യപത്രം ചേർക്കപ്പെടും**

അപ്ഡേഷൻ അപൂർണ്ണമാണെങ്കിൽ
മാസ്റ്റർട്രെയിനർ
സ്കൂൾവിക്കിനോഡൽ ഓഫീസറെ അക്കാര്യം
അറിയിക്കുക.

മാസ്റ്റർട്രെയിനർമാരുടെ

മാർഗനിർദ്ദേശങ്ങൾക്കനുസരിച്ച്


പേജുകൾ അപ്ഡേറ്റ് ചെയ്യുക.

## ഘട്ടം 4 : പരിശോധനയും പ്രഖ്യാപനവും

അപ്ഡേഷൻ പ്രവർത്തനങ്ങൾ ഉപജില്ലാതലത്തിലും ജില്ലാതലത്തിലും നിശ്ചിത സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കൈറ്റിലെ മാസ്റ്റർട്രെയിനർമാർ വിലയിരുത്തുക. തൃപ്തികരമായ നിലവാരമെത്തിച്ചശേഷം, നിശ്ചിതമായ ഫലകം ചേർത്ത് സാക്ഷ്യപ്പെടുത്തുക.

(2026 സപ്തംബർ 15)

# സ്കൂൾവിക്കിത്തോൺ പേജിൽ മാസ്റ്റർട്രെയിനർ സാക്ഷ്യപത്രം ചേർക്കുന്നു



# പദ്ധതി പൂർത്തീകരണം

സെപ്റ്റംബർ 30 നകം

അപ്‌ഡേഷൻ പൂർത്തിയാക്കി

പദ്ധതി പൂർത്തീകരണം

പ്രഖ്യാപിക്കുക.

# നന്ദി

Schoolwiki Helpdesk

KITE

THIRUVANANTHAPURAM